**<u>വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**

**(ഹാജർ: അനുപമ റ്റി വി, ഐ. എ. എസ്.)**

**വിഷയം :-** വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയുടെ ഫീഡർ കാറ്റഗറി തസ്തികകളിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് റദ്ദു ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-** 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.7.2021 ലെ OA No. 827/2021 നമ്പർ വിധിന്യായം
2. വനിതാ ശിശുവികസന ഡയറക്ടറുടെ 12.7.2021 ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം. WCD/E8/16007/2020** **തീയതി: 28/07/2021**

---

വനിതാ ശിശുവികസന വകുപ്പിലെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ CWI തസ്തികയുടെ ഫീഡർ കാറ്റഗറി തസ്തികകളിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. വകുപ്പിലെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ CWI തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിനായി ഫീഡർ കാറ്റഗറി തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി OA No. 827/2021 നമ്പർ ഹർജ്ജിയിൽ കക്ഷി ചേർന്നിട്ടുള്ള അപേക്ഷകരുടെ A4 മുതൽ A8 വരെയുള്ള അപേക്ഷകൾ നിലവിലെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പാക്കിയതിന് ശേഷം മാത്രമേ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാവൂ എന്നും ആയത് അനുസരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മാത്രമേ ഉദ്യോഗക്കയറ്റം നടത്താവൂ എന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം നടപ്പാക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് ടി ഉത്തരവ് തീയതി പ്രാബല്യത്തിൽ ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

**(ഒപ്പ്)**
**വനിതാ ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1. എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട്, ഐ ടി സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്